**നിയമനിർമ്മാണ കാര്യം**

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളന കലണ്ടർ, 05-02-2026-ലെ കാര്യവിവരപ്പട്ടിക എന്നിവ ഭേദഗതി ചെയ്യണമെന്ന ഉപക്ഷേപം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, "പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളന കലണ്ടർ, ഇന്നത്തെ (05-02-2026) കാര്യവിവരപ്പട്ടിക എന്നിവ ഭാഗികമായി ഭേദഗതി ചെയ്ത് 2026-ലെ കേരള ധനവിനിയോഗ ബിൽ ഇന്നേ ദിവസം അവതരിപ്പിക്കുന്നതിനും പരിഗണനയ്ക്കെടുക്കുന്നതിനും ഈ സഭ തീരുമാനിച്ചിരിക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

## 2026-ലെ കേരള ധനവിനിയോഗ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2026-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2026-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ ചുരുക്കി കാര്യങ്ങൾ പറയാം. കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും കറുത്ത അനുഭവങ്ങളായിരിക്കുമിത്. ജനങ്ങൾക്ക് കാര്യങ്ങൾ നേരിട്ടു പറയാൻ സാധിക്കാത്തതുകൊണ്ടാണ് നിയമസഭയിലേക്ക് നമ്മളെ തിരഞ്ഞെടുത്ത്

അയക്കുന്നത്. അങ്ങനെ തിരഞ്ഞെടുത്ത് അയക്കുമ്പോൾ വിവിധ വിഷയങ്ങളെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്യാനും തീരുമാനമെടുക്കാനുമുള്ള അവസരമുണ്ടാകണം. ബജറ്റിനെ സംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. ധനവിനിയോഗ ബിൽ അവതരിപ്പിക്കുമ്പോൾ അതിനെക്കുറിച്ച് ചർച്ച ചെയ്യാൻപോലും അവസരമുണ്ടാക്കുന്നില്ല. ഇവർ ഉന്നയിക്കുന്ന പ്രശ്നം ആത്മാർഥതയുണ്ടെങ്കിൽ ഈ സഭയിൽ ചർച്ച ചെയ്യുകയാണ് വേണ്ടത്. അത് സഭയിൽ ചർച്ച ചെയ്യാൻ തയ്യാറാകാതെ തിരഞ്ഞെടുത്ത ജനങ്ങളെ വെല്ലുവിളിക്കുകയും അവരോട് സാമാന്യമര്യാദ കാണിക്കാതിരിക്കുകയും ചെയ്യുകയാണ്. ഈ വിഷയം ചർച്ച ചെയ്തുകഴിഞ്ഞാൽ ഉള്ളി പൊളിച്ചതുപോലെ കാര്യങ്ങൾ പൊളിഞ്ഞുപോകുമെന്ന് വ്യക്തമായതുകൊണ്ടാണ് അവർ ചർച്ചയ്ക്ക് തയ്യാറാകാത്തത്. കേരളത്തിലെ ജനങ്ങൾ മണ്ടന്മാരല്ല. അവർ ഇത് കാണുന്നുണ്ട്. ഇവർ ഈ വിഷയം ചർച്ച ചെയ്യുകയും എന്തെങ്കിലും പോയിന്റുകൾ പറയുകയും ചെയ്തെങ്കിൽ ജനങ്ങൾ അത് വിശ്വസിച്ചേനെ.

പക്ഷേ ഞങ്ങൾ ചർച്ച ചെയ്യുന്നില്ല, ഞങ്ങൾ പറയുന്നതനുസരിച്ച് ചെയ്തുകൊള്ളണമെന്ന് പറഞ്ഞ് എല്ലാ ദിവസവും ഈ കാര്യങ്ങളുമായി സഭയിൽ വന്നിട്ട് യാതൊരു കാര്യവുമില്ല. അധികാരത്തിൽ വരണമെന്നുള്ളത് പ്രതിപക്ഷത്തിന്റെ ആഗ്രഹമാണ്. ഭരണപക്ഷം അധികാരം തുടരുമെന്നുള്ളതിനാൽ, നിങ്ങൾ ജനങ്ങളോട് ഈ കാര്യങ്ങൾ പറയുന്നതാണ്. ദിവസങ്ങൾ എണ്ണപ്പെട്ടോ ഇല്ലയോ എന്ന് ജനങ്ങൾ തീരുമാനിക്കേണ്ട ഒരു കാര്യത്തിൽ സഭയിലെ എല്ലാ നിയമങ്ങളും തെറ്റിച്ച് എണ്ണിക്കൊണ്ടിരുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. ആ എണ്ണം ജനങ്ങൾ അംഗീകരിക്കില്ലെന്ന് മനസ്സിലാക്കുന്നത് നല്ലതാണ്. ഈ ബില്ലിനകത്തുള്ള കാര്യങ്ങളെപ്പറ്റി വർത്തമാനം പറയേണ്ടതിനുപകരം എല്ലാ ജനാധിപത്യ സമ്പ്രദായത്തെയും തകർത്ത് ഏകാധിപത്യത്തിലേക്ക് പോകുന്ന ഒരു രീതി പിന്തുണയ്ക്കുന്നുവെന്നാണ് ഇത് കാണിക്കുന്നത്. കേന്ദ്ര ബജറ്റ് സംബന്ധിച്ച കാര്യങ്ങൾ ഇന്ത്യൻ പാർലമെന്റിൽ ചർച്ച ചെയ്യേണ്ടതാണ്. എത്രയോ പ്രധാനപ്പെട്ട പ്രമേയങ്ങളാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. തൊഴിലുറപ്പ്

പദ്ധതി തകർത്തു. ഇന്നലെവന്ന ഇന്ത്യ-അമേരിക്ക വ്യാപാര കരാറിന്റെ ഭാഗമായി കേരളത്തിലെ ലക്ഷക്കണക്കിന് കൃഷിക്കാരെയും മത്സ്യബന്ധന തൊഴിലാളികളെയും ബാധിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. അതൊന്നും സഭയിൽ ചർച്ച ചെയ്യാതെ, ഒരേയൊരു കാര്യം പറഞ്ഞ് നിരന്തരമായി നുണ പ്രചരിപ്പിച്ച് നടന്നിട്ട് യാതൊരു കാര്യവുമില്ല. നിങ്ങൾ തെറ്റായ കാര്യങ്ങൾ പറയുന്നത് തിരിച്ചടിക്കുമെന്നാണ് അയ്യപ്പ വിശ്വാസികൾ പറയുന്നത്. ഭഗവാൻ അയ്യപ്പന്റെ ജന്മദേശമായ പന്തളം മുനിസിപ്പാലിറ്റിയിൽ ജയിച്ചത് ആരാണ്; ശബരിമല വരുന്ന സ്ഥലത്ത് ആരാണ് ജയിച്ചത്; ഇതൊക്കെ ചർച്ച ചെയ്യേണ്ടതായിരുന്നു. ഞാൻ കൂടുതൽ കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നില്ല. സഭയ്ക്ക് അങ്ങേയറ്റം അപമാനകരമായ സ്ഥിതിയാണിത്. ബജറ്റിനെക്കുറിച്ചും മറ്റ് വിഷങ്ങളെക്കുറിച്ചും ചർച്ച ചെയ്യാതെ ഇങ്ങനെ സമരം ചെയ്യുമ്പോൾ ജനങ്ങൾ നിങ്ങളെ എന്തിനാണോ അയച്ചത് അവരെ നിങ്ങൾ വെല്ലുവിളിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉപനേതാവും മറ്റ് നേതാക്കന്മാരും ചോദിക്കുന്നതിന് കൃത്യമായി മറുപടി പറയാൻ കഴിയുന്നവർ ഇവിടെയുണ്ട്.

എന്നാൽ നിങ്ങൾ ഇതൊന്നും ചർച്ച ചെയ്യാൻ തയ്യാറല്ല. സഭാ സമ്മേളനത്തെയും സഭയെയും അവഹേളിച്ചത് ശരിയായില്ല. അതുകൊണ്ട് ഈ ഉപധനാഭ്യർഥന സംബന്ധിച്ചുള്ള ചർച്ചകൾ തടസ്സപ്പെടുത്തുന്ന സമീപനം അങ്ങേയറ്റം വിഷമകരമാണ്. നിങ്ങൾ ബജറ്റ് ചർച്ച ചെയ്താൽ ഇത്രയും നല്ല കാര്യങ്ങളാണെന്ന് പറയേണ്ടിവരും. അതുകൊണ്ട് മറ്റ് കാര്യങ്ങളൊന്നും ഇതുസംബന്ധിച്ച് പറയുന്നില്ല. 2026-ലെ ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: 2026-ലെ ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

<u>മി. സ്പീക്കർ</u>: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2026-ലെ കേരള ധനവിനിയോഗ ബിൽ പാസാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ കേരള ധനവിനിയോഗ ബിൽ പാസാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസായിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും ഫെബ്രുവരി മാസം 23-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഫെബ്രുവരി മാസം 23-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 9.51-ന് പിരിഞ്ഞു.)

* * * * * * * * *